بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 25.07.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*25.07.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## സമൂഹത്തിൽ ഐക്യവും അഖണ്ഡതയും ഇല്ലാതാകുമ്പോൾ ലയ്ലത്തുൽ ഖദ്റും ഉയർത്തപ്പെടുന്നു. രാത്രികളും അന്ധകാരങ്ങളും ഇരുട്ടുകളും മാത്രം വിധിയായിത്തീരുന്നു. അഭിവൃദ്ധി നിലച്ചുപോകുന്നു.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: റമളാനിലെ അവസാനത്തെ പത്തും വളരെ വേഗത്തിൽ കഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ പത്തിൽ രണ്ടുകാര്യങ്ങളിലേക്ക് മുസ്ലീംകൾ ശ്രദ്ധിക്കുന്നു. അല്ലെങ്കിൽ വളരെയേറെ പ്രാധാന്യം നല്കുന്നു. അവയിലൊന്ന് ലയ്ലത്തുൽ ഖദ്റാണ്. രണ്ടാമത്തേത് ജുമുഅത്തുൽ വിദാ. അവയിലൊന്ന് അതായത് ലയ്ലത്തുൽ ഖദ്ർ യഥാർഥമായ പ്രാധാന്യമുള്ള കാര്യമാണ്. അത് നബി(സ) തിരുമേനിയിൽനിന്ന് സ്ഥാപിതമായിട്ടുള്ളതാണ്. ഹദീഥുകളിൽ അതിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങൾ വന്നിട്ടുണ്ട്. അതുപോലെതന്നെ വിശുദ്ധ ഖുർആനും അത് സംബന്ധിച്ച് പറയുന്നുണ്ട്. പക്ഷേ, ജുമുഅത്തുൽ വിദായെ സംബന്ധിച്ച് മുസ്ലീംകളുടെ അല്ലെങ്കിൽ ഉലമാക്കളുടെ സ്വയംകൃത വ്യാഖ്യാനം തെറ്റായ വർണം ചാർത്തിയിരിക്കുകയാണ്. ഇന്ന് ഞാൻ ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. അവയുടെ പ്രാധാന്യത്തേയും യാഥാർഥ്യത്തേയും സംബന്ധിച്ച് ഹ്രസ്വമായി സംസാരിക്കുന്നതാണ്.

നബി(സ)തിരുമേനിക്ക് ലയ്ലത്തുൽ ഖദ്റിന്റെ നിശ്ചിത തിയതിയെ സംബന്ധിച്ച് അറിവ് നല്കപ്പെട്ടിരുന്നു. അതിലാണ് ഒരു യഥാർഥ സത്യവിശ്വാസിക്ക് ദുആ സ്വീകാര്യതയുടെ പ്രത്യേക ദൃശ്യം കാണിച്ചുകൊടുക്കുന്നത്. ദുആകൾ പൊതുവെ സ്വീകരിക്കപ്പെടുന്നത്. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനിക്ക് ഇതിനെക്കുറിച്ച് അറിവ് നല്കപ്പെട്ടപ്പോൾ ആ വിവരം ജനങ്ങളെ അറിയിക്കാനും അവരും അതിൽനിന്ന് ഫലമെടുക്കാനുംവേണ്ടി ആ മഹാത്മാവ് സന്തോഷത്തോടെ വെളിയിൽ ഇറങ്ങി. എന്നാൽ, വെളിയിൽ വന്നപ്പോൾ ആ മഹാത്മാവ് കാണുന്നത് രണ്ടു മുസ്ലീംകൾ തമ്മിൽ വഴക്കിടുന്നതാണ്. നബി(സ)തിരുമേനി അവരുടെ വഴക്ക് തീർക്കാനും ഭിന്നിപ്പ് മായിക്കാനുമുള്ള ശ്രമത്തിലായി. അപ്പോൾ ലയ്ലത്തുൽ ഖദ്റിന്റെ നിശ്ചിത തിയതി നബി(സ) മറന്നുപോയി. അവരുടെ രണ്ടുപേരുടേയും വഴക്കുതീർക്കാൻ നല്ല സമയം എടുത്തിരുന്നുവെന്നാണ് തോന്നുന്നത്.

എന്തായാലും നബി(സ)തിരുമേനി പറഞ്ഞു, ഞാൻ ലയ്ലത്തുൽ ഖദ്റിന്റെ തിയതി അറിയിക്കാൻവേണ്ടി വന്നതാണ്. (അപ്പോൾ നബി(സ)തിരുമേനി ആ തിയതി മറന്നു കഴിഞ്ഞിരുന്നു.) ഹദീഥിൽ മറപ്പിക്കപ്പെട്ടു എന്ന പദങ്ങളും വന്നിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)എഴുതിയിരിക്കുന്നു: ഹദീഥിൽ നിന്ന് മനസ്സിലാകുന്നത് മറക്കുക മാത്രമല്ല, ദൈവിക നിയന്ത്രണത്താൽ ആ നിമിഷത്തിന്റെ ഓർമ എടുക്കപ്പെട്ടുപോയിരുന്നുവെന്നാണ്. നബി(സ) തിരുമേനി പറഞ്ഞു, ഈ വഴക്കുകാരണത്താൽ അല്ലെങ്കിൽ ഭിന്നിപ്പ് കാരണത്താൽ ആ നിമിഷത്തെ കുറിച്ചുള്ള അറിവ് ഉയർത്തപ്പെട്ടുപോയി. അതുകൊണ്ട് കൃത്യമായ സമയമല്ല പറയുന്നത്. പക്ഷേ, റമളാനിലെ അവസാനത്തെ പത്തിലെ ഒറ്റയായ രാത്രിയിൽ അത് അന്വേഷിച്ചുകൊള്ളുക. ഇതിൽനിന്ന് പ്രധാനപ്പെട്ട വലിയൊരു പോയന്റ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ചിരിക്കുന്നു. ലയ്ലത്തുൽ ഖദ്ർ എന്ന പറയപ്പെട്ടിരിക്കുന്ന ആ നിമിഷം സാമൂഹികമായ ഐക്യവും അഖണ്ഡതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് വലിയ പ്രധാനപ്പെട്ട പോയന്റാണ്. നമ്മൾ ഹദീഥ് കേൾക്കുന്നപാടെ പറയാൻ തുടങ്ങുന്നു, വഴക്കിട്ടില്ലായിരുന്നെങ്കിൽ നമുക്ക് കൃത്യതിയതി ലഭിക്കുമായിരുന്നുവെന്ന്. പക്ഷേ, ലയ്ലത്തുൽ ഖദ്ർ എന്ന പറയപ്പെട്ടിരിക്കുന്ന ആ നിമിഷം സാമൂഹികമായ ഐക്യവും അഖണ്ഡതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന പ്രധാന കാര്യത്തിലേക്ക് ശ്രദ്ധ കുറച്ചേ ഉണ്ടാകുന്നുള്ളു. ഏതൊരു ജനതയിലാണോ ഐക്യവും അഖണ്ഡതയും ഉന്മൂലനം ചെയ്യപ്പെടുന്നത് അവരിൽനിന്ന് ലയ്ലത്തുൽ ഖദ്റും ഉയർത്തപ്പെടുന്നു. ധാരാളം മുസ്ലിം രാഷ്ട്രങ്ങളിൽ നിർഭാഗ്യവശാൽ ഐക്യവും അഖണ്ഡതയും ഇന്ന് ഇല്ലാതായിരിക്കുന്നുവെന്ന് വളരെ വിഷമത്തോടെ നമുക്ക് പറയേണ്ടിവരുന്നു. പ്രജകൾ തമ്മിൽ കലഹിക്കുന്നു. പ്രജകൾ സർക്കാരിനോട് പടവെട്ടുന്നു. ഭരണകൂടം പ്രജകളുടെമേൽ അക്രമം അഴിച്ചുവിടുന്നു. ഐക്യവും അഖണ്ഡതയും ഇല്ലാതായി എന്നു മാത്രമല്ല അക്രമവും വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്രമം ചെയ്യാൻ സമ്മർദവും ഉണ്ടാകുന്നു. ഈ ഐക്യത്തിന്റേയും അഖണ്ഡതയുടേയും കുറവുകാരണത്താൽ മുസ്ലീംകൾക്കെതിരിൽ എന്തും ചെയ്യാൻ മറ്റുള്ളവർക്ക് തന്റേടം ഉണ്ടാകുന്നു. ഇക്കാരണത്താലാണ് ഇസ്റായേലും അക്രമപരമായ നിലയിൽ ഇക്കാലത്ത് നിഷ്കളങ്കരായ ഫലസ്തീനികളെ വധിച്ചുകൊണ്ടേയിരിക്കുന്നത്. മുസ്ലീംകളിൽ ഐക്യവും അഖണ്ഡതയും ഉണ്ടായിരിക്കുകയും അല്ലാഹു പറഞ്ഞ മാർഗത്തിലൂടെ നടക്കുകയും ചെയ്തിരുന്നെങ്കിൽ മുസ്ലീംകൾ വലിയ ശക്തിയാകുമായിരുന്നു. പിന്നെ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുമായിരുന്നില്ല. യുദ്ധത്തിനും എന്തെങ്കിലും നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകുകയും ചെയ്യുമായിരുന്നു. ഇസ്റായേലിന്നെതിരിൽ ഫലസ്തീനികൾക്ക് ഒരു ശക്തിയുമില്ല. ഹമാസും അക്രമം ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് പറയുന്നതെങ്കിൽ മുസ്ലിം രാഷ്ട്രങ്ങൾ അവരേ

യും തടയേണ്ടതാണ്. പക്ഷേ, ഇവർ രണ്ടുകൂട്ടരുടേയും അക്രമങ്ങളുടെ ബന്ധം നോക്കുക! ഒരാൾ തന്റെ ലാത്തികൊണ്ട് അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. രണ്ടാമത്തേത് ഒരു സൈന്യം പീരങ്കികൾ ചലിപ്പിച്ചാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം തുർക്കിയിൽ ദുഃഖപ്രകടനം നടത്തുകയുണ്ടായി. അനുശോചനം രേഖപ്പെടുത്തി അവർ അവരുടെ കടമ നിറവേറ്റി! ഇതുപോലെതന്നെ പാശ്ചാത്യശക്തികളും അവരുടെ കടമ നിറവേറ്റുന്നില്ല. രണ്ടു കൂട്ടരേയും ശക്തമായി തടയുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. എന്തായാലും നമുക്ക് ദുആ ചെയ്യാനെ സാധിക്കുകയുള്ളു. അല്ലാഹു തആല മർദിതരേയും നിരപരാധികളേയും ഈ അക്രമങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. സമാധാനം നിലനില്ക്കുമാറാകട്ടെ. ഇതുപോലെ തന്നെ മുസ്‌ലിം രാഷ്ട്രങ്ങളുടെ ഉള്ളിലും ഒരു കൂട്ടർ മറ്റേ കൂട്ടരുടെമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. കലഹങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവർക്കും ബുദ്ധിനല്കുമാറാകട്ടെ. കലിമ ചൊല്ലുന്നവൻ, കലിമ ചൊല്ലുന്നവന്റെ രക്തം കൊണ്ട് കൈകളിൽ മൈലാഞ്ചി ഇടുകയാണ്. ഇതിൽ നിന്ന് ഇവർ രക്ഷപ്പെടുമാറാകട്ടെ. പരസ്പരം ഐക്യവും അഖണ്ഡതയും നിലനില്ക്കുമാറാകട്ടെ. ഇതു കൂടാതെ അവരുടെ ആരാധനയുടെ കടമ നിറവേറ്റപ്പെടുകയില്ല. ലയ്‌ലത്തുൽ ഖദ്ർ കിട്ടണമെന്ന് ആഗ്രഹവും പൂർത്തിയാവുകയില്ല. കാരണം സമൂഹത്തിൽ ഐക്യവും അഖണ്ഡതയും ഇല്ലാതാകുമ്പോൾ ലയ്‌ലത്തുൽ ഖദ്റും ഉയർത്തപ്പെടുന്നു. രാത്രികളും അന്ധകാരങ്ങളും ഇരുട്ടുകളുമാത്രം വിധിയായിത്തീരുന്നു. അഭിവൃദ്ധി നിലച്ചുപോകുന്നു.

ലയ്‌ലത്തുൽ ഖദ്റിന്റെ അർഥമാണ് മനുഷ്യന്റെ ഭാഗ്യം നിർണയിക്കപ്പെടുന്ന രാവ്. അടുത്ത വർഷം അവനുമായി എന്തുകാര്യമാണ് ഉണ്ടായിരിക്കുക, അത് എത്രമാത്രം വളരുകയും മെച്ചപ്പെടുകയും ചെയ്യും, എന്തെന്തെല്ലാം നേട്ടങ്ങൾ കൈവരിക്കും, എന്തെല്ലാം നഷ്ടം സഹിക്കേണ്ടിവരും തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു. മനുഷ്യന്റെ അഭിവൃദ്ധിയുടെ എല്ലാ തീരുമാനങ്ങളും രത്രിയിൽ അഥവാ അന്ധകാരത്തിലാണുണ്ടാകുന്നത്.

നബി(സ)തിരുമേനി പറഞ്ഞു, ഒരാൾ എത്രത്തോളം അല്ലാഹുവിന് പ്രിയങ്കരനാകുന്നുവോ അത്രത്തോളം അവന് പരീക്ഷണങ്ങളുമുണ്ടാകുന്നു. അതുകൊണ്ട് നമ്മളും ചിലയിടങ്ങളിൽ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നുണ്ടെന്ന കാര്യം ഓർമ വെക്കേണ്ടതാണ്. ഈ ലയ്‌ലത്തുൽ ഖദ്ർകൊണ്ടുതന്നെയാണ് യഥാർഥ ലയ്‌ലത്തുൽ ഖദ്റിന്റെ അന്വേഷണവും ശക്തമായിട്ടുണ്ടാകുന്നത്. ആ നേരത്ത് ദുആകളിലേക്ക് ശ്രദ്ധയുമുണ്ടാകുന്നു. ബുദ്ധിമുട്ടുകളുണ്ടാകുന്ന നേരത്താണ് മനുഷ്യൻ അല്ലാഹുവിലേക്ക് പ്രത്യേകമായും കുനിയുന്നത്. ശിക്ഷണത്തിന്റേയും പരിപാലനത്തിന്റേയും കാലഘട്ടം പിന്നീട് വിജയപ്രദമായി കഴിച്ചുകൂട്ടുന്നു. എന്നാൽ, നാം അതിൽ നമ്മുടെ ഐക്യത്തിന്റേയും അഖണ്ഡതയുടേയും നിലവാരത്തെ നഷ്ടപ്പെടുത്തിപ്പോകുകയാണെങ്കിൽ ലയ്‌ലത്തുൽ ഖദ്റിന്റെ ശരിയായ ഫലം ആസ്വദിക്കാൻ കഴിയുകയില്ല. നമ്മുടെ ത്യാഗങ്ങളെ അല്ലാഹുവിന്റെ തൃപ്തി എന്നുമനസ്സിലാക്കി ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ വിജയങ്ങളെ ആലിംഗനം ചെയ്തുകൊണ്ടു പോകുന്നതായിരിക്കും. വിജയങ്ങളെ ആശ്ലേഷിച്ചുകൊണ്ട് ഒരു പുതിയ ജീവിതം പ്രാപിക്കുന്നവരായിത്തീരുന്നതാണ്. ഒരു പുതിയ വർണത്തിൽ ഉയരുന്നതായിരിക്കും. പരസ്പരമുള്ള ഐക്യത്തേയും അഖണ്ഡതയേയും അല്ലാഹുവിനുവേണ്ടി നിലനിറുത്തുന്നതായിരിക്കും. അപ്പോൾ അഭിവൃദ്ധിയുടെ പുതിയ നിലകൾ اِنْ شَآءَ اللّٰهُ കാണുന്നതായിരിക്കും.

ലയ്‌ലത്തുൽ ഖദ്റിൽനിന്ന് ഉപകാരം നേടാൻ നമുക്ക് ഇക്കാര്യങ്ങളെല്ലാം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ ത്യാഗം സ്വീകരിക്കപ്പെടുന്ന നിമിഷത്തിന്റെ പേരാണ് ലയ്‌ലത്തുൽ ഖദ്ർ. ആരാണോ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യനായിത്തീരുന്നത് അതിനെക്കാൾ വലിയൊരു ലാഭക്കച്ചവടമില്ലതന്നെ. അത് കൊണ്ട് സ്വീകരിക്കപ്പെടുന്ന ത്യാഗങ്ങൾ ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇസ് ലാമിക യുദ്ധങ്ങളിൽ ഉദാഹരണത്തിന് ബദ്ർ യുദ്ധത്തിൽ അവിശ്വാസികളും വധിക്കപ്പെട്ടിരുന്നു; മുസ്‌ലീംകളും. പക്ഷേ, അവിശ്വാസികളുടെ വധിക്കപ്പെടൽ ലയ്‌ലത്തുൽ ഖദ്ർ അല്ലായിരുന്നു. അവരുടെ ത്യാഗങ്ങൾ ലയ്‌ലത്തുൽ ഖദ്ർ ആയിരുന്നില്ല. പക്ഷേ, മുസ്‌ലീംകൾ ശഹീദായത് ലയ്‌ലത്തുൽഖദ്റായിരുന്നു. കാരണം അല്ലാഹു ആ ത്യാഗങ്ങളെ സ്വീകാരാർഹമാക്കി. ഏതൊരു ബുദ്ധിമുട്ടിനാണോ അല്ലാഹു ഒരു വില നിശ്ചയിക്കാത്തത് അത് ലയ്‌ലത്തുൽ ഖദ്റല്ല. അത് ശിക്ഷയാണ്. അദാബാണ്. എന്നാൽ, ഏതൊരു ബുദ്ധിമുട്ടിനാണോ അല്ലാഹു വില നിശ്ചയിക്കുന്നത് അത് ലയ്‌ലത്തുൽ ഖദ്റാണ്.

ചില രാഷ്ട്രങ്ങളിൽ അഹ്മദികൾക്കെതിരിൽ കഠിനമായ അവസ്ഥയാണുള്ളത്. ഈ കഠിനമായ അവസ്ഥകൾ പ്രഭാതം പൊട്ടിവിടരാൻപോകുന്നു എന്ന സുവിശേഷം നല്കുന്നതോടൊപ്പം ലയ്‌ലത്തുൽ ഖദ്റിന്റെ ഫലമായി ലോകത്തിലെ ഓരോരോ രാജ്യത്തും ഓരോരോ നഗരത്തിലും അഹ്മദിയ്യത്തിന്റെ കുട്ടികളുടെ പിറവിയും നടന്നുകൊണ്ടിരിക്കുന്നു. പുതിയ പുതിയ ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. ഇതിൽനിന്ന് കൂടുതൽ ഉപകാരം ഉണ്ടാകുന്നതിനും ലയ്‌ലത്തുൽ ഖദ്റിന്റെ കൂടുതൽ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനുമായി നമ്മളിൽ എല്ലാ ഓരോരുത്തരും നമ്മളിലെ ഐക്യവും അഖണ്ഡതയും മുമ്പത്തെക്കാൾ കൂടുതലായിരിക്കുമെന്നും അതിൽ എവിടെയെങ്കിലും വിടവുണ്ടാകുകയാണെങ്കിൽ, വിള്ളലുണ്ടാകുകയാമെങ്കിൽ ക്ഷണത്തിൽ ഞങ്ങൾ അത് നികത്തുമെന്നും പ്രതിജ്ഞയെടുക്കേണ്ടതാണ്. റുഹമാഉ ബയ്നഹും എന്നതിന്റെ മാതൃകയായിക്കൊണ്ട് ലയ്‌ലത്തുൽ ഖദ്റിന്റെ യഥാർഥ ഉപകാരം പറ്റുന്നവരായിരിക്കും. അതുകൊണ്ട് ഈ റമളാനിൽ വ്യക്തഗതമായ നിലയിൽ ലയ്‌ലത്തുൽ ഖദ്റിന്റെ അനുഗ്രഹം നേടുന്നതിനും ജമാഅത്തിപരമായ നിലയിൽ അല്ലാഹുവിധിച്ചിട്ടുള്ള ഫലങ്ങളിലും വിജയങ്ങളിലും പുരോഗതികളിലും സമ്മാനങ്ങളിലും ഭാഗഭാക്കാകുന്നതിനും പരസ്പരമുള്ള വ്യക്തിപരമായ വൈരാഗ്യങ്ങളും അവസാനിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർധിക്കുന്നതിനൊപ്പം അതേ വേഗത്തിൽ ശത്രുക്കൾ നമുക്ക് തടസമുണ്ടാക്കുമെന്നും പ്രയാസങ്ങളുണ്ടാക്കുമെന്നും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവെന്നും നാം ഓർക്കേണ്ടതാണ്. ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ഇത് അല്പം രാഷ്ട്രങ്ങളിൽ പരിമിതമാണെന്ന് കരുതരുത്. അസൂയാഗ്നി പുരോഗതി തടയുന്നതിനായി അതിന്റെ എല്ലാ പരിശ്രമവും നടത്തുന്നതാണ്. എല്ലയിടത്തും ഇങ്ങനെ ചെയ്യുന്നതാണ്. പക്ഷേ, ലയ്‌ലത്തുൽഖദ്ർ വരുന്നതിന്റെ സുവാർത്ത നാം അതിന്റെ ദുസ്സ്വാധീനത്തിൽനിന്നും രക്ഷപ്പെടുന്നതിന്റേയും ജമാഅത്തിന്റെ പുരോഗതിക്കായി ചെയ്തിട്ടുള്ള ദുആകളുടെ സ്വീകാര്യതയുടേയും വിവരം അറിയിച്ചുകൊണ്ടിരിക്കുന്നു.

നാം നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് അച്ചിൽ വാർത്തെടുക്കാൻ ശ്രമിക്കുമ്പോൾ ലയ്‌ലത്തുൽ ഖദ്റിൽ നിന്നും ഫലമെടുത്തുകൊണ്ടേ പോകും. ജമാഅത്തിന്റെ പുരോഗതിയെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചുള്ള ഉന്നതിയിൽ കാണാനാണ് സത്യവിശ്വാസികൾ ഉദ്ദേശിക്കുന്നതും പരിശ്രമിക്കുന്നതും ആഗ്രഹിക്കുന്നതും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന നമ്മളും ആ മഹാത്മാവ് നമ്മോടു പറഞ്ഞതുപോലെ ഈ രീതിയിൽ ആ പുരോഗതിയുടെ ഭാഗമാകാൻ ശ്രമിക്കേണ്ടതാണ്. ആ രീതി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ

വരവിന്റെ ഉദ്ദേശ്യമായി പറഞ്ഞ ആ രണ്ടുകാര്യങ്ങളിൽ അടങ്ങിയിട്ടുണ്ട്. ഒന്ന് മനുഷ്യരെ അല്ലാഹുവുമായി അടുപ്പിക്കുക. രണ്ട് മനുഷ്യനെ മറ്റുമനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നവരാക്കിത്തീർക്കുക. ഈ രണ്ടു കാര്യങ്ങളാണ് നമ്മെ ഏല്പിച്ചിട്ടുള്ളത്. നിങ്ങളുടെ ആരാധനകളുടെ നിലവാരങ്ങളേയും ഉയർത്തുക. നിങ്ങളുടെ അഭിപ്രായഭിന്നതകളും വഴക്കുകളും വിപാടനം ചെയ്ത് പരസ്പരം കടകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. കടമകൾ നിറവേറ്റപ്പെടുകയും വൈരാഗ്യങ്ങളും ഭിന്നതകളും അതേപടി നില്ക്കുകയും ചെയ്യുക എന്നത് സംഭാവ്യമല്ല. ഈ നിയമമനുസരിച്ച് മുന്നോട്ടുപോകുകയാണെങ്കിൽ ലയ്‌ലത്തുൽ ഖദ്‌റിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നവരായിത്തീരും. അത് പ്രാപിക്കുന്നവരുമാകും. ലയ്‌ലത്തുൽ ഖദ്‌റിനെ ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് ഇങ്ങനേയും നിർവചിച്ചിട്ടുണ്ട്. പറഞ്ഞു, ലയ്‌ലത്തുൽ ഖദ്ർ മനുഷ്യന് അവന്റെ വളരെ തെളിഞ്ഞ നേരമാണ്. അതുകൊണ്ട് നിങ്ങളുടെ ജീവിതം പരിശുദ്ധമാക്കുന്നതിനുവേണ്ടി അത്തരം ലയ്‌ലത്തുൽ ഖദ്‌റും നാം അന്വേഷിക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മൾ നമ്മുടെ ജീവിതത്തെ പരിശുദ്ധരാക്കുന്നവരാകുമ്പോഴാണ് അത് യഥാർഥ ലയ്‌ലത്തുൽ ഖദ്‌റാകുന്നത്.

രണ്ടാമത്തെ കാര്യം ഞാൻ പറഞ്ഞതുപോലെ ജുമുഅത്തുൽ വിദാ ആകുന്നു. ഇതിനെക്കുറിച്ചും വിസ്മയകരങ്ങളായ ഭാവനകളാണ് നിലവിലുള്ളത്. അല്ലാഹു കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ നമുക്ക് തൗഫീഖ് നല്കി എന്നത് അവന്റെ അനുഗ്രഹവും ഔദാര്യവുമാണ്. തെറ്റായ തരത്തിലുള്ള ചിന്താഗതികളിൽനിന്ന് നമ്മെ പരിശുദ്ധരാക്കി. ആ ചിന്താഗതികളിൽനിന്ന് ഒരു അഹ്മദി പരിശുദ്ധനായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ അഹ്മദിയായതുകൊണ്ട് ഒരു ഫലവുമില്ല. റമളാനിന്റെ അവസാന ജുമുഅയിൽ പങ്കെടുത്താൽ അറിഞ്ഞുകൊണ്ട് ഉപേക്ഷിച്ച നമസ്കാരങ്ങൾപോലും മാപ്പാക്കപ്പെടും എന്നാണ് ഒരുപാട് അനഹ്മദികളുടെ വിശ്വാസം. അതായത് ഇന്ന് ഒരു ഖുത്ബ കേട്ട് രണ്ട് റക്അത്ത് നമസ്കരിക്കുന്നതുകൊണ്ട് മുമ്പേ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളിൽനിന്ന് മനുഷ്യൻ പരിശുദ്ധനാകുമത്രെ! ഈ കാലയളവിൽ ഒരു മനുഷ്യന്റെമേൽ എത്രത്തോളം അനുഗ്രഹവും ഔദാര്യവും ഉണ്ടാകുന്നുവോ അതെല്ലാം ഈ ഒരൊറ്റ ജുമുആയിൽ പങ്കെടുക്കുന്നതുകൊണ്ട് ലഭിക്കുമത്രെ!

ഈ ജുമുഅ വന്നിട്ടുള്ളത് അത് നമ്മൾ അനുഷ്ഠിച്ച് അതിനോട് വിടചൊല്ലുന്നതിന് വേണ്ടിയിട്ടല്ലന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. പ്രത്യുത നമ്മൾ ആഗ്രഹിക്കുകയാണെങ്കിൽ അതിൽനിന്ന് ഫലമെടുത്ത് എന്നെന്നേക്കുമായി അതിനെ നമ്മുടെ മനസ്സിൽ സ്ഥാപിക്കുക എന്നതാണ്. ജുമുഅയെ നബി(സ)തിരുമേനി മുസ്‌ലീംകൾക്ക് പെരുന്നാളുകളിൽ ഒരു പെരുന്നാളായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഹദീഥുകളനുസരിച്ച് അതിൽ ദുആകൾ പ്രത്യേകമായി സ്വീകരിക്കപ്പെടുന്ന ഒരു നിമിഷമുണ്ട്. അതിൽനിന്ന് നമ്മൾ ഫലമെടുക്കണം. നീ എതൊരു മുസീബത്താണോ റമളാനിന്റെ രൂപത്തിൽ ഞങ്ങളിൽ ഇട്ടത് അത് ഇന്ന് വിടചൊല്ലുന്നു, യാത്രയാകുന്നു അതുകൊണ്ട് നിനക്ക് നന്ദി എന്നു അല്ലാഹുവിനോട് പറയാനല്ല നമ്മൾ പള്ളിയിൽ വന്നിട്ടുള്ളത് –ആ ഉദ്ദേശ്യത്തോടെ വരാനും പാടില്ല. ഒരു അഹ്മദി അങ്ങനെ ചിന്തിക്കാനും പാടില്ല. നമ്മൾ പള്ളിയിൽ വന്നിട്ടുള്ളത് ആ അനുഗ്രഹീതനിമിഷങ്ങളിൽ ദുആ ചെയ്യാനാണ്. അതായത് റമളാനിലെ ദിനങ്ങൾ മൂന്നു നാലു ദിവസംകൊണ്ട് അവസാനിച്ചുപോകും. പക്ഷേ, അല്ലാഹുവേ! നീ റമളാനിന്റെ യാഥാർഥ്യവും അതിൽ ഞങ്ങൾ നടത്തിയ ആരാധനകളും മറ്റു സൽകർമങ്ങളും ഞങ്ങളുടെ മനസ്സിൽ സുരക്ഷിതമാക്കിവെച്ചാലും. അത് ഞങ്ങളിൽനിന്ന് ഒരിക്കലും അകലാൻ പാടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് നമ്മൾ ജുമുആയെ നിർവചിക്കുകയാണെങ്കിൽ, ഇന്നത്തെ ജുമുആയിൽനിന്ന് ഫലമെടുക്കുകയാണെങ്കിൽ അത് വലിയ അനുഗ്രഹമായിരിക്കും. പക്ഷേ, ഈ ജുമുആയോടുകൂടി അല്ലെങ്കിൽ മൂന്നുനാല് ദിവസത്തിനുശേഷം റമളാൻ നമ്മളിൽനിന്ന് വിട്ടകലുകയും അതിൽ ചെയ്ത നന്മകൾ നാം മറക്കുകയുമാണെങ്കിൽ അത് വലിയ നിർഭാഗ്യമാണ്. പിതാവ് പുത്രനിൽനിന്നും പുത്രൻ പിതാവിൽനിന്നും സഹോദരൻ സഹോദരനിൽനിന്നും അകലുമ്പോൾ ലോകത്ത് ആരും സന്തോഷിക്കുകയില്ല. എന്നല്ല യഥാർഥ സുഹൃത്തും സ്നേഹിതനും ബന്ധുവും കൂടി സന്തോഷിക്കുകയില്ല. എപ്പോഴും നമുക്ക് സന്തോഷം ഉണ്ടാകുന്നത് ശത്രു നമ്മളിൽനിന്ന് അകലുമ്പോഴാണ്. ഇതുപോലെ റമളാൻ അകലുമ്പോൾ ഒരു സത്യവിശ്വാസിയും സന്തോഷിക്കുകയില്ല. ബർക്കത്ത് അകലുമ്പോൾ ആരും സന്തോഷിക്കുകയില്ല. ബർക്കത്ത് അകലുമ്പോൾ സന്തോഷിക്കുന്നവൻ ആരാണ്? ബർക്കത്ത് അകലുമ്പോൾ സന്തോഷിക്കുന്നവൻ നിർഭാഗ്യനാണ്. അതല്ലാതെ അവനെ എന്താണ് പറയേണ്ടത്? അതുകൊണ്ട് അല്ലാഹു ഈ ദിസത്തെ എന്നെന്നേക്കുമായി ബന്ധപ്പെടുത്തി നിറുത്താൻ ഇന്ന് നമ്മൾ എല്ലാവരും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ ഒരു നിമിഷവും റമളാനിൽനിന്ന് അകലാതിരിക്കട്ടെ. റമളാൻ എന്താണെന്ന് നമ്മൾ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടുള്ള അതിന്റെ യാഥാർഥ്യത്തെ സംബന്ധിച്ചാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്.

(2:186)شَهْرُ رَمَضَانَ الَّذِىٓ اُنْزِلَ فِيْهِ الْقُرْاٰنُ

വിശുദ്ധ ഖുർആൻ ഇറങ്ങിയ അനുഗൃഹീതമാസത്തിനാണ് റമളാൻ എന്നു പറയുന്നത്. ഖുർആനിന്റെ ഇറക്കം നിലച്ചു കഴിഞ്ഞാൽ പിന്നീട് ആ ദിവസം അനുഗൃഹീതമായിരിക്കുകയില്ല. അത് പിന്നീട് അമംഗളമായ ദിനമായിരിക്കും. അതുകൊണ്ട് ആ ദിനങ്ങളിൽ വിശുദ്ധ ഖുർആൻ വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിലേക്ക് ഉണ്ടായ ശ്രദ്ധ വർഷം മുഴുവൻ ജീവിതിന്റെ ഭാഗമാക്കിമാറ്റാൻ ശ്രമിക്കേണ്ടത് സത്യവിശ്വാസികളുടെ കടമയാണ്. വർഷം മുഴുവൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ ശ്രദ്ധിക്കുക. വർഷം മുഴുവൻ അതനുസരിച്ച് പ്രവർത്തിക്കുക. വിശുദ്ധ ഖുർആനിന്റെ ഇറക്കത്തിന്റെ യഥാർഥ ഉദ്ദേശ്യം അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമ്പോഴും നമ്മുടെ മനസ്സുകളിൽ അതിനെ ഇറക്കി പിന്നീട് നമ്മുടെ മനസ്സിൽ സുരക്ഷിതമാക്കുമ്പോഴുമായിരിക്കും പൂർത്തിയാവുക; ജീവിതത്തിന്റെ ഓരോ വളവിലും നമുക്ക് അതിൽനിന്ന് അനുഗ്രഹം പ്രാപിക്കണം. ഞാൻ പറഞ്ഞ രണ്ടുകാര്യങ്ങളിലേക്കും എന്നെന്നും നമ്മുടെ ശ്രദ്ധ ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. അതിന്റെ യാഥാർഥ്യത്തെ നാം അറിയുന്നവരായിത്തീരട്ടെ. നമ്മുടെ ലയ്‌ലത്തുൽ ഖദ്ർ നമ്മെ വിജയങ്ങളുടെ അത്യുന്നത സ്ഥാനത്ത് കൊണ്ടെത്തിക്കുന്നത് ആയിത്തീരട്ടെ. അതിന്റെ യഥാർഥ ഗ്രാഹ്യം നമുക്കുണ്ടാവട്ടെ. റമളാനിലെ ഈ അവസാനത്തെ ജുമുആയെ 'ജുമുഅത്തുൽ വിദാ' എന്ന് പറയാൻ പാടില്ല. ഈ ജുമുആ റമളാനിലെ അനുഗ്രഹങ്ങളോട് വിട പറയുന്ന ജുമുആകാതിരിക്കട്ടെ. പ്രത്യുത അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരട്ടെ. വിശുദ്ധ ഖുർആനിന്റെ ഇറക്കത്തിന്റെ ഉദ്ദേശ്യം എപ്പോഴും പൂർത്തിയാക്കിക്കൊണ്ടിരിക്കട്ടെ.

ഫലസ്തീനിലെ മുസ്‌ലീംകളുടെ അവസ്ഥയെ കുറിച്ച് ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. ദുആയിൽ പ്രത്യേകിച്ചും അവരെ ഓർക്കുക. അല്ലാഹു അവർക്ക് സമാശ്വാസം പ്രദാനം ചെയ്യുമാറാകട്ടെ.അവരെ ആ പ്രയാസങ്ങളിൽനിന്ന് പുറത്തുകൊണ്ടു വരുമാറാകട്ടെ.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അത് ഖിർഗിസ്താനിലെ നഈമുല്ലാഹ് ഖാൻ സാഹിബിന്റേതാണ്. 2014 ജൂലായ് 21ന് ഹൃദയസ്തംഭനം മൂലം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 61 വയസ്സായിരുന്നു. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ മധ്യ ഏഷ്യൻ ജമാഅത്തുകളിൽ പ്രത്യേകിച്ചും ഖിർഗിസ്താനിൽ ജമാഅത്ത് സ്ഥാപിക്കുന്നതിൽ അസാധാരണമായ സേവനങ്ങൾ അദ്ദേഹം ചെയ്തു. നാഷണൽ ജമാഅത്ത് ഖിർഗിസ്താന്റെ നായിബ് സ്വദ്റായി പ്രവർത്തിക്കാൻ തൗഫീഖ് കിട്ടി. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) സേവനത്തിനായി അവിടെ പോകാൻ ആഹ്വാനം ചെയ്തിരുന്നു. അപ്പോൾ ഇദ്ദേഹം ജോലിചെയ്യുക എന്ന ഉദ്ദേശ്യത്തോടെ അവിടെ പോയി. പക്ഷ, അദ്ദേഹം ദീനിപ്രവർത്തനവും അവിടെ നടത്തി. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ എപ്പോഴും മുൻപന്തിയിലുണ്ടാകുമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് സ്വന്തം കാര്യത്തെക്കാൾ മുൻഗണന നല്കിയിരുന്നു. അവിടെ പ്രതികൂലാവസ്ഥ ആയിരുന്നിട്ടും അവസാനസമയം വരെ ആത്മാർഥമായി സേവനം ചെയ്തു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കൃത്യത പാലിച്ചിരുന്നു. ധാരാളമായി ദാനധർമങ്ങൾ ചെയ്യുമായിരുന്നു. ലാസ്മി ചന്ദയും മറ്റു ചന്ദകളും കൃത്യമായി നല്കിയിരുന്നു. സാധുക്കളെ സഹായിക്കുന്ന ആത്മാർഥ പ്രവർത്തകനായിരുന്നു. ഖിലാഫത്തിനോട് സ്നേഹപരവും ആസക്തപരവുമായ ബന്ധമായിരുന്നു. അവിടെ പോയ മുബല്ലിഗുമാർക്ക് ചില വിഷമങ്ങളുണ്ടായിരുന്നു. അതകറ്റാൻ അദ്ദേഹം ഒരുപാട് ശ്രദ്ധിച്ചു. കേന്ദ്രത്തിൽ നിന്ന് എത്തുന്ന അതിഥികളെ ഒരുപാട് ശ്രദ്ധിച്ചിരുന്നു. എത്രത്തോളം മുബല്ലിഗുമാർ അവിടെ പ്രവർത്തിക്കുന്നതിനായി പോയിട്ടുണ്ടോ അവരെല്ലാ പറയുന്നത് ജമാഅത്തിനുവേണ്ടി അസാധാരണമായ ആത്മീയ രോഷവും തന്റേടവും വെച്ചു പുലർത്തുന്ന ആളായിരുന്നു അദ്ദേഹമെന്നാണ്.

ഖിർഗിസ്താനിലെ മിഷൻഹൗസ് വാങ്ങുന്നതിലും അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. പരേതൻ മൂസിയായിരുന്നു.

അല്ലാഹു അദ്ദേഹത്തിനോട് കരുണയോടും പൊറുമയോടും കൂടി പെരുമാറട്ടെ. അദ്ദഹത്തിന്റെ മക്കളേയും ഭാര്യമാരേയും സഹായിക്കുമാറാകട്ടെ. ജമാഅത്തുമായും ഖിലാഫത്തുമായും ബന്ധിപ്പിച്ചു നിറുത്തട്ടെ. അദ്ദേഹം ചെയ്തുകൊണ്ടിരുന്ന നന്മകൾ മുന്നോട്ടു കൊണ്ടുപോകാൻ ഇവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 25.07.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To